ചോദ്യോത്തരം
മുജീബ്

# ലോക്സഭാ തെരഞ്ഞെടുപ്പിലെ തിരിച്ചടി

■ *'തീവ്രവാദ-പൗരോഹിത്യ സംഘടനകൾക്ക് തിരിച്ചടി' ലോക്സഭാ തെരഞ്ഞെടുപ്പിൽ പിന്തുണയും അവകാശവാദങ്ങളുമായി ഇരു മുന്നണികളെയും സമീപിച്ച തീവ്രവാദ പൗരോഹിത്യ സംഘടനകൾക്ക് ശക്തമായ തിരിച്ചടി നൽകുന്നതാണ് കേരളത്തിലെ ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം. ജമാഅത്തെ ഇസ്‌ലാമി, കാന്തപുരം സുന്നി, മടവൂർ വിഭാഗം തുടങ്ങിയ നിഷേധാത്മക സംഘങ്ങളുമായി സി.പി.എം അതിരുവിട്ട ബന്ധം സ്ഥാപിക്കുകയും ഭൂരിപക്ഷ മുസ്‌ലിം സമൂഹം അണിനിരക്കുന്ന മറ്റു മതസംഘടനകളെ ബോധപൂർവം അവഗണിക്കുകയും ചെയ്തതാണ് മലബാർ മേഖലയിൽ ഇടതുപക്ഷത്തിന് വിനയായത്.*

*തന്റെ പിന്തുണയുള്ളവരേ ജയിക്കൂ എന്ന് വീമ്പിളക്കിയ കാന്തപുരം അബൂബക്കർ മുസ്‌ലിയാരും, അഹന്തയുടെ നെറുകയിലെത്തിയ പി.ഡി.പിയും, തങ്ങളുടെ തലക്ക് മുകളിലാണ് ലോകം കറങ്ങുന്നത് എന്ന് കരുതുന്ന ജമാഅത്തെ ഇസ്‌ലാമിയും അവർക്കൊപ്പം നിന്ന മടവൂർ വിഭാഗവും ഒരുപോലെ പരിഹാസ്യരായിരിക്കുകയാണെന്ന് ഐ.എസ്.എം സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ശാക്കിർ, ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് സംയുക്ത പ്രസ്താവനയിൽ പറഞ്ഞു (മാധ്യമം 2009 മെയ് 18). പ്രതികരണം?*

***പി.വി ഉമർ കോയ കല്ലായി***

**കേ**രളത്തിലെ ഒരു മതസംഘടനക്കും വോട്ടുബാങ്കില്ല. സ്വന്തം അനുയായികളെ വിവിധ രാഷ്ട്രീയ പാർട്ടികളിൽ ചേർന്നു പ്രവർത്തിക്കാൻ അനുവദിക്കുന്ന സുന്നി-മുജാഹിദ് സംഘടനകൾക്ക് അതിനാൽതന്നെ ഒരു തെരഞ്ഞെടുപ്പിലും അനുയായികൾക്ക് ഏതെങ്കിലും മുന്നണിക്കോ പാർട്ടിക്കോ വോട്ട് ചെയ്യണമെന്നോ ചെയ്യരുതെന്നോ നിർദേശിക്കാൻ നിവൃത്തിയുമില്ല. മൗലികമായ ഈ വസ്തുത മറച്ചുവെച്ചുകൊണ്ടാണ് സ്വതേ അരാഷ്ട്രീയക്കാരായ മതസംഘടനകൾ സമീപകാലത്തായി രാഷ്ട്രീയത്തിലും തെരഞ്ഞെടുപ്പുകളിലും അഭിപ്രായ പ്രകടനം നടത്തിവരുന്നത്. പത്ത് വോട്ട് കിട്ടാൻ എന്തെങ്കിലും സാധ്യതയുണ്ടെങ്കിൽ അത് കളയേണ്ടെന്ന് തീരുമാനിച്ച രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ചുകഴിഞ്ഞാൽ അരമനകളിലും മഠങ്ങളിലും മദ്റസകളിലും പള്ളികളിലുമൊക്കെ കയറി ഇറങ്ങുന്നു. ജാതിക്കാരെയും മത പണ്ഡിതന്മാരെയും സംഘടനാ നേതാക്കളെയും ചെന്നുകണ്ട് ഉറപ്പുകൾ വാങ്ങുന്നു. ആരെയും പിണക്കുന്നത് ബുദ്ധിയല്ലെന്ന് മതസംഘടനാ നേതാക്കളും തീരുമാനിക്കുന്നു. ഇതിൽ കവിഞ്ഞു ഏതെങ്കിലും മതസംഘടനയുടെ വോട്ട് ബാങ്കിനെക്കുറിച്ച് ഒരു പാർട്ടിക്കും കൃത്യമായ കണക്കുകൂട്ടലുകളോ ധാരണയോ ഇല്ല.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ പിളർന്നുണ്ടായ എ.പി അബൂബക്കർ മുസ്‌ലിയാരുടെ വിഭാഗത്തിനുമില്ല സ്പഷ്ടമായ രാഷ്ട്രീയ നയം. ഒരു മുന്നണിയെയോ സ്ഥാനാർഥിയെയോ ഇന്നേവരെ അവർ പരസ്യമായി പിന്തുണച്ചിട്ടുമില്ല. എന്നാൽ അവരുടെ മുഖ്യപ്രതിയോഗികളായ ഇ.കെ വിഭാഗം സാമാന്യമായി മുസ്‌ലിം ലീഗിനോടും യു.ഡി.എഫിനോടും ഒപ്പമാണ്. യു.ഡി.എഫ് അധികാരത്തിൽ ഇരിക്കുമ്പോഴൊക്കെ എ.പി വിഭാഗത്തിന് വഖ്ഫ് ബോർഡ്, ഹജ്ജ് കമ്മിറ്റി അംഗത്വമടക്കം ഒരു ആനുകൂല്യവും ലഭിക്കാതിരിക്കാൻ ഇ.കെ വിഭാഗം മുസ്‌ലിം ലീഗിലൂടെ സമ്മർദം ചെലുത്താറുണ്ട് എന്നാണ് എ.പി വിഭാഗം കരുതുന്നത്. തീരെ അനർഹർക്കു പോലും സ്വകാര്യ സ്കൂളുകൾ അനുവദിച്ചപ്പോഴും തങ്ങളെ ബോധപൂർവം തഴഞ്ഞു എന്ന പരാതി അവർക്ക് ലീഗുകാരായ വിദ്യാഭ്യാസ മന്ത്രിമാരെക്കുറിച്ചുണ്ട്. ഈ പശ്ചാത്തലത്തിലാണ് 2004ലെ ലോക്സഭാ തെരഞ്ഞെടുപ്പിലും 2006ലെ നിയമസഭാ തെരഞ്ഞെടുപ്പിലും എ.പി സുന്നികൾ ഇടതു മുന്നണിക്കൊപ്പം നിന്നു എന്ന ധാരണ സൃഷ്ടിക്കപ്പെട്ടത്. അത് തെറ്റായിരുന്നു എന്ന് തെളിയിക്കാൻ ബന്ധപ്പെട്ടവർ ശ്രമിച്ചിട്ടുമില്ല. ഒടുവിലത്തെ ലോക്സഭാ തെരഞ്ഞെടുപ്പിൽ 'എ.പി ഉസ്താദിനെ' ഗുരുവായി പ്രഖ്യാപിച്ച എം.ഇ.എസ് കോളേജ് പ്രിൻസിപ്പൽ ഡോ. ഹുസൈൻ രണ്ടത്താണിയെ പൊന്നാനി മണ്ഡലം സി.പി.ഐയിൽനിന്ന് പിടിച്ചെടുത്ത് സ്വതന്ത്രനായി മത്സരിപ്പിക്കാൻ സി.പി.എം ശ്രമിച്ചത് നിശ്ചയമായും എ.പി സുന്നികളുടെ വോട്ട് കൂടി മുമ്പിൽ കണ്ടായിരുന്നു. അതിനെതിരെ ശക്തമായ നിലപാട് എ.പി അബൂബക്കർ മുസ്‌ലിയാർ സ്വീകരിച്ചതുമില്ല. ഫലം വന്നപ്പോൾ എൽ.ഡി.എഫിനെ തൂത്തെറിഞ്ഞ സൂനാമിയിൽ പൊന്നാനിയിലെ സ്വതന്ത്രനും മുഖം കുത്തി വീണിരിക്കുന്നു. പരാജയം ആഘോഷിക്കാൻ മത-രാഷ്ട്രീയ പ്രതിയോഗികൾ രംഗത്തിറങ്ങുന്നത് സ്വാഭാവികമാണ്. എന്നാൽ മലബാറിൽ പ്രബലമായ മത യാഥാസ്ഥിതിക സമൂഹത്തിൽ ഒരു വിഭാഗം എന്തുകൊണ്ട് നിരീശ്വര നിർമത പ്രസ്ഥാനക്കാരെന്ന് ഇ.കെ വിഭാഗവും മുജാഹിദുകളും കണ്ടെത്തിയവരുടെ കൂടെ പോയി എന്ന് സത്യസന്ധമായി വിലയിരുത്താൻ അവർ തയാറല്ല. വിശാലമായ മത സാമുദായിക താൽപര്യങ്ങളേക്കാൾ സങ്കുചിതത്വവും പകപോക്കലുമാണ് ഉത്തരവാദപ്പെട്ട മത നേതൃത്വങ്ങളെ നയിക്കുന്നതെന്ന്

അതിനാൽ കരുതേണ്ടിവരുന്നു.

ഇപ്പറഞ്ഞ ഗണത്തിൽ പെടുന്ന പ്രസ്ഥാനമേ അല്ല ജമാഅത്തെ ഇസ്‌ലാമി. അത് സാമ്പ്രദായിക മതസംഘടനയല്ല. അനുയായികളെ മറ്റൊരു മത, രാഷ്ട്രീയ കൂട്ടായ്മയിലും പ്രവർത്തിക്കാൻ അനുവദിക്കാത്ത, സ്വന്തമായി രാഷ്ട്രീയ നിലപാടുകളും കാഴ്ചപ്പാടുമുള്ള സമഗ്ര ഇസ്‌ലാമിക പ്രസ്ഥാനമാണത്. 1977ൽ അടിയന്തരാവസ്ഥക്കെതിരെ വിധി എഴുതാൻ ലഭിച്ച ഒന്നാമത്തെ സന്ദർഭത്തിൽ ദേശീയതലത്തിൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ പാർട്ടിയെ തോൽപിക്കാൻ വോട്ട് രേഖപ്പെടുത്തിക്കൊണ്ടായിരുന്നു തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ അരങ്ങേറ്റം. അതേസമയം മൗലികാവകാശങ്ങൾ പോലും നിരാകരിക്കപ്പെട്ട അടിയന്തരാവസ്ഥക്കെതിരെ ഒരക്ഷരം മിണ്ടാതെയും അതിനെ ന്യായീകരിച്ച കോൺഗ്രസ് മുന്നണിക്ക് അനുകൂലമായി വോട്ട് രേഖപ്പെടുത്തിയും കൂറ് തെളിയിച്ചവരാണ് സുന്നി-മുജാഹിദ് സംഘടനകളുടെ അനുയായികൾ. ജമാഅത്ത് പിന്തുണച്ച ജനതാ മുന്നണി കേരളത്തിൽ തോറ്റമ്പിയപ്പോൾ ആഹ്ലാദിക്കുക കൂടി ചെയ്തു ഈ മതസംഘടനക്കാർ. 1986 മുതൽക്കിങ്ങോട്ട് ഓരോ പാർലമെന്റ് തെരഞ്ഞെടുപ്പിലും മതനിരപേക്ഷ ജനാധിപത്യ പാർട്ടികളുടെ അഥവാ മുന്നണികളുടെ താരതമ്യേന മൂല്യനിഷ്ഠയുള്ള സ്ഥാനാർഥികൾക്ക് വോട്ട് നൽകുകയാണ് ജമാഅത്തിന്റെ നയം. ബി.ജെ.പി മുന്നണിയുടെ സ്ഥാനാർഥി ജയിക്കാനിടയുള്ള മണ്ഡലങ്ങളിൽ ജയസാധ്യതയുള്ള മതേതര സ്ഥാനാർഥിയെ പിന്തുണക്കുന്നു. 2009ലെ പൊതുതെരഞ്ഞെടുപ്പിലും ജമാഅത്ത് രാജ്യവ്യാപകമായി ചെയ്തത് അതുതന്നെ. 543 ലോക്സഭാ മണ്ഡലങ്ങളിൽ 419ലും സുചിന്തിതമായ തീരുമാനമെടുത്ത് മതേതര പാർട്ടികളുടെ സ്ഥാനാർഥികൾക്ക് വോട്ട് നൽകാൻ കഴിഞ്ഞ രാജ്യത്തെ ഒരേയൊരു മുസ്‌ലിം സംഘടന ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയാണെന്ന് സംയുക്ത പ്രസ്താവന ഇറക്കിയ മുജാഹിദ് യുവ സിംഹങ്ങൾ കാണാതെ പോവരുത്. കേരളത്തിന്റെ പുറത്തുമുണ്ടല്ലോ സലഫികളും സംഘടനകളും. അവർ എന്തു ചെയ്തു എന്ന് അന്വേഷിച്ചുനോക്കിയോ? രണ്ട് മതേതര മുന്നണികൾ ഏറ്റുമുട്ടിയ കേരളത്തിൽ, അമേരിക്കൻ അനുകൂലമായ, ഇസ്രയേൽ ബാന്ധവമുള്ള മുന്നണിയെ ചെറുക്കാൻ തയാറായ ഇടതുമുന്നണിക്ക് ജമാഅത്ത് പ്രഥമ പരിഗണന നൽകി. അവരുടെ ആഭ്യന്തര ശൈഥില്യവും മോശമായ ഭരണ പ്രതിഛായയും മൂലം കനത്ത പരാജയം സംഭവിച്ചതിന് ഉത്തരവാദി ജമാഅത്ത് അല്ല. അവർ ജയിക്കുമെന്ന് ഉറപ്പിച്ചല്ല വോട്ട് നൽകിയതും. ലോക്സഭാ തെരഞ്ഞെടുപ്പ് സംസ്ഥാന ഭരണത്തിന്റെ വിലയിരുത്തലായി ജമാഅത്ത് കരുതിയിട്ടുമില്ല. ഫലങ്ങൾ പുറത്തുവന്നപ്പോൾ ജമാഅത്ത് കൂടുതൽ പിന്തുണച്ച യു.പി.എ അധികാരമുറപ്പിച്ചതിൽ സംഘടന ആശ്വാസം കാണുന്നു. സാമ്രാജ്യത്വവിരുദ്ധ ശക്തികൾ താരതമ്യേന ദുർബലമായതിൽ ഉത്കണ്ഠയും ഉണ്ട്. ഇതൊക്കെയും പക്ഷേ, രാഷ്ട്രീയ നിലപാടുകളില്ലാത്ത സാമ്പ്രദായിക മതസംഘടനകളുടെ അജണ്ടക്ക് പുറത്താണ്.

## ഇന്ത്യയിൽ മുസ്‌ലിം രാഷ്ട്രം

■ *ജമാഅത്തെ ഇസ്‌ലാമി ഇന്ത്യയെ ഒരു മുസ്‌ലിം രാഷ്ട്രം ആക്കണമെന്ന് പറയുകയോ വാദിക്കുകയോ ചെയ്യുന്നുണ്ടോ? കോഴിക്കോട്ടെ ഒരു റിട്ട. ഭാഷാധ്യാപകൻ ചാനൽ ചർച്ചയിൽ പങ്കെടുക്കുമ്പോൾ നിരന്തരം ജമാഅത്തെ ഇസ്‌ലാമിക്കെതിരെ ഉന്നയിക്കുന്ന ഒരു ആരോപണമാണിത്. ഇത് അദ്ദേഹത്തിന്റെ അറിവ് കുറവുകൊണ്ടോ അല്ലെങ്കിൽ മറ്റെന്തെങ്കിലും അജണ്ടയുടെ ഭാഗമോ?*

**കെ. മുഹമ്മദ് കോയ, കണ്ണങ്കടവ്**

**ഇ**ന്ത്യയെ വെട്ടിമുറിച്ച് മുസ്‌ലിം രാഷ്ട്രം സ്ഥാപിക്കണമെന്ന ആവശ്യം പാരമ്യത്തിലെത്തിയ 1940കളിൽ നിലവിൽവന്ന ജമാഅത്തെ ഇസ്‌ലാമി പാകിസ്താൻ രൂപവത്കരണത്തെ എതിർക്കുകയായിരുന്നു എന്നതാണ് അനിഷേധ്യ സത്യം. എന്നിരിക്കെ മുസ്‌ലിംകൾ ജനസംഖ്യയിൽ 13 ശതമാനം മാത്രമായ സ്വതന്ത്ര ഇന്ത്യയെ മുസ്‌ലിം രാഷ്ട്രമാക്കി മാറ്റണമെന്നാവശ്യപ്പെടുകയെന്ന ഹിമാലയൻ മണ്ടത്തരം ജമാഅത്തെ ഇസ്‌ലാമിയുടെ മേൽ വെച്ചുകെട്ടാതിരിക്കാനുള്ള മര്യാദയെങ്കിലും എത്ര വലിയ ശത്രുവും കാണിക്കണം. ലോകത്തെവിടെ ജീവിക്കുന്ന മനുഷ്യനും സമാധാനവും സുസ്ഥിതിയും വേണമെങ്കിൽ ദൈവത്തിന്റെ സന്മാർഗം സ്വീകരിക്കണമെന്നും ആ സന്മാർഗം സമഗ്ര ജീവിത സ്പർശിയാണെന്നും ജമാഅത്ത് നിശ്ചയമായും ചൂണ്ടിക്കാട്ടുന്നു. ആ വാദം പ്രാമാണികമായും യുക്തിപരമായും ചരിത്രപരമായും തെളിയിക്കാൻ തയാറുമാണ്. ആശയപരമായി ഈ വെല്ലുവിളിയെ നേരിടാൻ കഴിയാത്ത ഭീരുക്കളാണ് ദുരാരോപണങ്ങളിൽ സ്ഥിരമായി അഭിരമിക്കുന്നത്.

## 'ഇസ്‌ലാമിക രാഷ്ട്രം രൂപീകരിക്കേണ്ട ബാധ്യതയില്ല'

■ *"ഒരു പ്രദേശത്ത് ഏതാനും ഒറ്റപ്പെട്ട ദരിദ്രരായ മുസ്‌ലിംകൾ മാത്രമേ ഉള്ളൂവെങ്കിൽ അവർ സകാത്ത് വിതരണം എന്ന സാമൂഹിക ബാധ്യത നിറവേറ്റേണ്ടതില്ല. സകാത്ത് നൽകാൻ വേണ്ടി സ്വത്ത് സമ്പാദിക്കാനും അവർ ബാധ്യസ്ഥരല്ല. സകാത്ത് നിർബന്ധമാകുന്ന പരിധിയിൽ അവരുടെ സാമ്പത്തിക ശേഷി എത്തിയാൽ നിശ്ചിത വിഹിതം അവർ നൽകണമെന്നേയുള്ളൂ. പാവപ്പെട്ട മുസ്‌ലിംകൾ ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ സംസ്ഥാപിക്കാൻ ബാധ്യസ്ഥരല്ലെന്ന് പറഞ്ഞാൽ അത് ഇസ്‌ലാമിന്റെ സമ്പൂർണതയെ അലക്ഷ്യമാക്കലാവില്ല. ഇസ്‌ലാമിക ഭരണകൂടം നിലവിൽ വന്നാൽ മാത്രമേ അല്ലാഹുവും റസൂലും(സ) നിശ്ചയിച്ച ശിക്ഷാനിയമങ്ങൾ നടപ്പാക്കേണ്ടതുള്ളൂ. കുറ്റവാളികൾക്ക് ഇസ്‌ലാമിക ശിക്ഷ നൽകുന്നതിനു വേണ്ടി മുസ്‌ലിംകൾ ന്യൂനപക്ഷമായ ഒരു മതനിരപേക്ഷ രാഷ്ട്രത്തെ ഇസ്‌ലാമിക രാഷ്ട്രമാക്കി മാറ്റാൻ നാം ബാധ്യസ്ഥരല്ല. മതേതര രാഷ്ട്രത്തിന്റെ ഒരു ഭാഗം അടർത്തിയെടുത്ത് ഇസ്‌ലാമിക രാഷ്ട്രം രൂപീകരിക്കേണ്ട ബാധ്യതയും നമുക്കില്ല. നിലവിലുള്ള സാഹചര്യത്തിൽ നടപ്പാക്കാൻ പറ്റുന്ന സാമ്പത്തികവും സാമൂഹികവുമായ ഇസ്‌ലാമിക നിയമങ്ങൾ നടപ്പാക്കിയാൽതന്നെ നാം അല്ലാഹുവോടുള്ള ബാധ്യത നിറവേറ്റിയവരായിത്തീരും. നമ്മുടെ ദീൻ അന്യൂനവും സമ്പൂർണവുമായിത്തീരും."*
*ദൈവികനിയമങ്ങൾ പൂർണമായും നടപ്പിലാവുന്ന ഉത്തമ സാമൂഹികവ്യവസ്ഥിതിക്ക് വേണ്ടി സുസംഘടിതവും സുചിന്തിതവുമായും വ്യവസ്ഥാപിതമായും സമാധാനപരമായും മനുഷ്യസ്നേഹത്തോടെയും പരിശ്രമിക്കേണ്ട ബാധ്യത ഇസ്‌ലാമിന്റെ കൈവശക്കാരായ മുസ്‌ലിംകൾക്കില്ലേ എന്ന ചോദ്യത്തിന് ശബാബിൽ വന്ന മറുപടിയാണ് മുകളിൽ. മുജീബിന്റെ പ്രതികരണം?*

**നൗഷാദ് പേരാമ്പ്ര, ജിദ്ദ**

**മ**റ്റെല്ലാ ജീവിതദർശനത്തെക്കാളും സത്യദീനിനെ വിജയിപ്പിക്കാനാണ് ഖുർആൻ ഭാഷ്യപ്രകാരം അല്ലാഹു തന്റെ ദൂ

തനെ നിയോഗിച്ചത്, ദീൻ ഏതായാലും അതിന്റെ തണലിൽ ആരാധനകളും ധ്യാനവുമായി കഴിയാനല്ല. സത്യത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും നന്മ കൽപിക്കുകയും തിന്മ തടയുകയുമാണ് മുസ്‌ലിം ഉമ്മത്തിന്റെ നിയോഗ ദൗത്യം, സത്യം മറച്ചുവെച്ചും നന്മകളെക്കുറിച്ച് പറയാതെയും തിന്മകൾ തടയാതെയും സ്വന്തം കാര്യം നോക്കി ജീവിക്കുകയല്ല. മർദിതർക്ക് മോചനവും നീതിയും ഉറപ്പ് വരുത്താനും മർദകരോട് പൊരുതാനുമാണ് വിശ്വാസികളോട് അല്ലാഹുവിന്റെ ആഹ്വാനം, ഭരണം ഏത് അക്രമിയുടെ നിയന്ത്രണത്തിലായാലും അനീതി എത്ര ഭീകരമായി നടമാടിയാലും ദുർബലർ എത്ര മൃഗീയമായി പീഡിപ്പിക്കപ്പെട്ടാലും മുഖം തിരിച്ചു നടക്കാനല്ല. മനുഷ്യനിർമിത മതങ്ങൾക്കോ പ്രത്യയശാസ്ത്രങ്ങൾക്കോ മനുഷ്യസമൂഹത്തെ രക്ഷിക്കാനാവില്ലെന്നും സ്വീകാര്യമായ ജീവിതവ്യവസ്ഥ ദൈവാർപ്പണത്തിൽ അധിഷ്ഠിതമായ ഇസ്‌ലാം മാത്രമാണെന്നും ഖുർആൻ വ്യക്തമാക്കുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ചിലത് മാത്രം പ്രായോഗികം, ബാക്കിയൊക്കെ അപ്രായോഗികം അല്ലെങ്കിൽ ചിലതിന് മാത്രം ശാശ്വതികത, ബാക്കി കാലഹരണപ്പെട്ടത് അതുമല്ലെങ്കിൽ ചില നാടുകളിൽ മാത്രം സ്വീകാര്യം, മറ്റുള്ളിടത്ത് അസ്വീകാര്യം എന്നു കരുതുന്നതും വാദിക്കുന്നതും ഇസ്‌ലാമിൽനിന്നുള്ള നഗ്നമായ വ്യതിചലനമാണ്.

അനിഷേധ്യമായ ഈ സത്യങ്ങൾ മനസ്സിലാക്കിയാണ് പ്രവാചക മാതൃകയിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നത്. അങ്ങനെ പ്രവർത്തിക്കുമ്പോൾ ജീവിതത്തെ മതപരം, സ്വകാര്യം, സാമൂഹികം, സാമ്പത്തികം, രാഷ്ട്രീയം എന്നിങ്ങനെ വിഭജിച്ചു ചില രംഗങ്ങളിൽ മാത്രം ഇടപെടൽ നടത്താനും മറ്റു രംഗങ്ങൾ ഭൗതികവാദികൾക്ക് വിട്ടുകൊടുക്കാനും ഇസ്‌ലാമിൽ പഴുതില്ല. നിസ്സഹായതക്കും ഭീരുത്വത്തിനും ഖുർആൻ തെളിവായിക്കൂടാ. മനുഷ്യ നിർമിത ജീവിതവ്യവസ്ഥകൾ ചൂഷണവും പലിശയും അടിസ്ഥാനമാക്കി ലോകത്തെയാകെ ചവിട്ടിമെതിക്കുമ്പോൾ മിണ്ടാതിരിക്കുന്നവനല്ല മനസ്സാക്ഷിയുള്ള മുസ്‌ലിം; അതിനെതിരെ ചൂഷണമുക്തവും പലിശ രഹിതവുമായ ബദൽ വ്യവസ്ഥ കാണിച്ചുകൊടുക്കുന്നവനാണ്. രാഷ്ട്രീയമാകെ അഴിമതിക്കാരുടെയും മനുഷ്യാവകാശ ലംഘകരുടെയും കളരിയാവുമ്പോൾ പ്രവാചകന്റെയും ഖിലാഫത്തിന്റെയും മാതൃക ചൂണ്ടിക്കാട്ടി മോചനമാർഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നത് മതരാഷ്ട്രവാദമല്ല, മാനവിക ദൗത്യമാണ്. ഹലാലായി ധനം സമ്പാദിക്കുകയും അങ്ങനെ ലഭിക്കുന്ന ധനം ആവശ്യക്കാർക്കും ഇല്ലാത്തവർക്കുമായി ചെലവഴിക്കുകയും ചെയ്യുന്ന വിശ്വാസിയുടെ നാലയലത്തുപോലും നടക്കാൻ യോഗ്യനല്ല ദാരിദ്ര്യത്തിൽ തൃപ്തനായി ദിക്റും സ്വലാത്തുമായി കഴിയുന്നവൻ. 'മനുഷ്യന് അവൻ അധ്വാനിച്ചതേയുള്ളൂ' എന്ന് പഠിപ്പിച്ചത് ജമാഅത്തെ ഇസ്‌ലാമിയല്ല, അല്ലാഹുവാണ്. ■